# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 മേയ് 22 വൈകുന്നേരം 3.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി, ശ്രീമതി കെ.കെ.ശൈലജ ടീച്ചർ

ബഹുമാനപ്പെട്ട ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി കെ കെ ശൈലജ ടീച്ചർ ഇന്ന് കേരളത്തിൽ 42 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതായി യോഗത്തെ അറിയിച്ചു. ഇന്നലെ മരണമടഞ്ഞ മഹാരാഷ്ട്രയിൽ നിന്നും മടങ്ങി എത്തിയ തൃശ്ശൂർ സ്വദേശിനിയുടെ പരിശോധനാഫലം പോസിറ്റീവ് ആയി. കണ്ണൂർ ജില്ലയിൽ നിന്നും 12, കാസർകോട് ജില്ലയിൽ നിന്നും 7, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ നിന്നും 5 വീതവും തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ നിന്നും 4 വീതവും കോട്ടയം ജില്ല യിൽ നിന്നും 2 കൊല്ലം, പത്തനംതിട്ട, വയനാട് ജില്ലകളിൽ നിന്നും ഓരോ കേസ് വീതമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. അതിനുശേഷം ആരോഗ്യവകുപ്പിന്റെ രോഗ നിയന്ത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ രാജൻ ഘോബ്രഗഡെ വിശദീകരിക്കുകയുണ്ടായി

## ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. രാജൻ ഖോബ്രാഗാഡെ

ഇന്ന് കേരളത്തിൽ 42 പേർക്ക് രോഗം സ്ഥിരീകരിച്ചു. ഇതുവരെ 732 പേർക്കാണ് കേരളത്തിൽ കൊവിഡ് 19 രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. ലോകം മുഴുവനും 4962707 പേർക്കാണ് ഇതുവരെ രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. ഇന്ത്യയിൽ 118447 പേർക്ക് രോഗം സ്ഥിരീകരിച്ചത്. കേരളത്തിൽ നിലവിൽ 216 രോഗികളാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 512 പേർ ഇതുവരെ രോഗവിമുക്തി നേടിയിട്ടുണ്ട്. അതിനുശേഷം അദ്ദേഹം കോവിഡ്19 രോഗികളുടെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റിയും, കോവിഡ് ബാധിച്ച 6 പേർ ഐസിയുവിലാണുള്ളത് എന്നുള്ള കാര്യവും യോഗത്തെ അറിയിച്ചു. പോസിറ്റീവ് കേസുകളെപ്പറ്റി വിശദമായ ഒരു അവലോകനം അദ്ദേഹം നടത്തുകയുണ്ടായി. ചെക്ക്പോസ്റ്റുകളിൽ കൂടിയും, കപ്പലി ലൂടെയും, വിമാനങ്ങളിലൂടെയും കേരളത്തിലെത്തിയവരുടെ കണക്കും, അതിൽ വീടുകളിലും ഇൻസ്റ്റിറ്റ്യൂഷനുകളിലും നിരീക്ഷണത്തിലുള്ളവരുടെയും അതിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെയും, ഗർഭിണികളുടെയും കണക്കും അദ്ദേഹം വിശദീകരിച്ചു.

ലാബുകളിൽ നടത്തിയ പരിശോധനകളുടെ വിശദാംശങ്ങൾ, സാധാരണ നടത്താറുള്ള പരിശോധന, സെന്റിനൽ സർവൈയിലൻസ്, ആഗ്മെന്റഡ് സർവൈ ലൻസ് ജീൻ എക്സ്പർട്ട് എന്നിവ വഴി നടത്തിയ പരിശോധന വിവരങ്ങളും അദ്ദേഹം അറിയിക്കുകയുണ്ടായി. സ്വകാര്യ ലബോറട്ടറികളിൽ നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ അദ്ദേഹം പറഞ്ഞു. പുതുതായി പ്ലാൻ ചെയ്യുന്ന സെന്റിനൽ സർവൈലൻസ് പരിശോധനയുടെ വിശദാംശങ്ങളും അദ്ദേഹം

പറയുകയുണ്ടായി. 24 മണിക്കൂറിൽ 1862 സാമ്പിളുകൾ പരിശോധിച്ചതിൽ ആണ് 42 ഫലം പോസിറ്റീവ് ആയത്. 79139 പിസിആർ കിറ്റുകളും, 108131 ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകളും, 139898 ഡാക്രോൺ സ്വാബുകളും സ്റ്റോക്കുണ്ട് എന്ന വിവരവും അദ്ദേഹം യോഗത്തെ ധരിപ്പിച്ചു. ചാത്തന്നൂർ നടത്തിയ എപ്പിഡമിയോ ളജി പഠനത്തിന്റ വിശദാംശവും അദ്ദേഹം യോഗത്തെ അറിയിച്ചു. തുടർന്ന് സമൂഹ അകലം, മാസ്കുകളുടെ ഉപയോഗം പ്രമോട്ട് ചെയ്യുക, ബ്രേക്ക് ദ ചെയിൻ ക്യാമ്പയിൻ ഊർജ്ജിതപ്പെടുത്തുക, സെന്റിനൽ സർവൈലൻസ് നടത്തുക എന്നീ കാര്യങ്ങളും അദ്ദേഹം പറഞ്ഞു.

## ചീഫ് സെക്രട്ടറി, ശ്രീ. ടോം ജോസ് ഐ.എ.എസ്

ഇന്ന് സെക്രട്ടറിമാരുടെ യോഗം നടത്തിയിരുന്നു. അതിൽ ഉയർന്നു വന്ന പ്രധാന പ്പെട്ട നിർദ്ദേശങ്ങൾ യോഗത്തെ അറിയിക്കുകയാണ്. ആഭ്യന്തര വിമാന സർവ്വീസ് ആരംഭിച്ചാൽ അതിലൂടെ കേരളത്തിലേക്ക് മടങ്ങി എത്തുന്നവർ കോവിഡ് ജാഗ്രത പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയാണെങ്കിൽ അവരെ നിരീക്ഷിക്കുവാൻ സൗകര്യമാ കും. കൂടാതെ ആരോഗ്യ വകുപ്പിന്റെ അഭിപ്രായം ഇവരെയും 14 ദിവസം നിരീക്ഷണ ത്തിൽ പാർപ്പിക്കണം എന്നുള്ളതാണ്. കൂടാതെ വ്യവസായശാലകൾ തുടർന്ന് പ്രവർത്തിക്കാൻ തുടങ്ങുന്നതോടെ മെഷീനുകളുടെ അറ്റകുറ്റ പണികൾക്കായി വിദ ഗ്ദ്ധർക്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് എത്തേണ്ടി വരും. ഇങ്ങനെ വരുന്നവരെ അവരുടെ ജോലി പൂർത്തീകരിച്ച് മടങ്ങി പോകുവാൻ അനുവ ദിക്കേണ്ടതാണ്. ഇവരെ 14 ദിവസം ക്വാറന്റെനിൽ നിന്നും ഒഴിവാക്കുന്നതാവും ഉചി തം. ബിസിനസ്സ് സംബന്ധമായി കേരളത്തിലേക്ക് എത്തുന്നവരെ ക്വാറന്റെനിൽ പാർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്. റോഡ് മാർഗ്ഗം പാസിന് അപേ ക്ഷിക്കുന്നവരിൽ മുൻഗണന അർഹിക്കുന്നവർക്കു മാത്രം പാസ്സുകൾ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. മറ്റു രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ഇപ്പോൾ നാട്ടിലുള്ള കേരളീ യർക്ക് അവരുടെ ജോലിക്കായി രാജ്യങ്ങളിലേക്ക് മടങ്ങിപ്പോകുന്നതിനായി അപേ ക്ഷകൾ വരുന്നുണ്ട്. ഇങ്ങനെ ഉള്ളവർക്ക് രജിസ്റ്റർ ചെയ്യുന്നതിന് ഒരു പോർട്ടൽ ആരംഭിക്കുകയും അതുവഴി ഇവരെ തിരിച്ചറിഞ്ഞ് കേന്ദ്രമന്ത്രാലയവുമായി ആലോ ചിച്ച് ആ രാജ്യങ്ങളുമായി ബന്ധപ്പെട്ട് ഇവരെ അവിടേക്ക് വിടുന്നതിനുള്ള സൗകര്യ ങ്ങൾ ഒരുക്കാവുന്നതാണ്. നിലവിലെ സാഹചര്യത്തിൽ വെന്റിലേറ്ററുകൾ ആവശ്യ ത്തിന് ആശുപത്രികളിൽ തന്നെ ഉണ്ട്. അതിനാൽ ഓർഡർ നൽകിയതിൽ നിന്നും ലഭിക്കാനുള്ള വെന്റിലേറ്ററുകൾ റദ്ദാക്കുകന്നതാണ് ഉചിതം. നിലവിലെ സാഹചര്യ ത്തിൽ ആയുർവേദ ചികിത്സയ്ക്കായി ഒരു പ്രോട്ടോക്കോൾ വേണം എന്ന് ആയുഷ് വകുപ്പ് അറിയിച്ചിട്ടുണ്ട്. ഞായറാഴ്ച ലോക്ക്ഡൗണിൽ കാൽനട യാത്രക്കാരെ അനു വദിക്കുന്നത് ഉചിതമായിരിക്കും. 10, 11 ക്ലാസ്സുകളെ സംബന്ധിച്ച് അവരെ പരീക്ഷക ളിൽ നിന്ന് ഒഴിവാക്കി നിലവിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ മൂല്യ നിർണ്ണയം നടത്തുന്നത് ഉചിതമാകും എന്ന അഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ 12-ാം ക്ലാസ്സിലേക്ക് പരീക്ഷകൾ നടത്തണമെന്ന് അഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്. മെഡിക്കൽ സപ്ലൈസ്, ഫുഡ് സപ്ലൈസ് ശേഖരം തൃപ്തികരമാണ്. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി മെഡിക്കൽ സപ്ലൈസ് ശേഖരം വർധിച്ചിട്ടുണ്ട്. 2181 ട്രക്കുകൾ എത്തിയിട്ടുണ്ട്.

## ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി, ശ്രീ. വേണുഗാപാൽ ഐ എ എസ്

മെയ് മാസത്തിലെ റേഷൻ 91.8% വിതരണം ചെയ്തു. പി എം ജി കെ വൈ ക്കാർക്കുളള വിതരണം ഇന്നലെ ആരംഭിച്ചിട്ടുണ്ട്. അതിൽ 15% പൂർത്തീകരിച്ചു. പല വ്യഞ്ജനകിറ്റുകൾ 83 ലക്ഷത്തോളം നൽകി കഴിഞ്ഞു. ഇന്നലെ എൻ ഐ സി സർവർ പ്രവർത്തിക്കാതിരുന്നത് വിതരണത്തെ ബാധിച്ചിട്ടുണ്ട്.

## അഡീ.ചീഫ് സെക്രട്ടറി ആഭ്യന്തരം, ഡോ. വിശ്വാസ് മേത്ത ഐ എ എസ്

ഇന്നുവരെ 38 ട്രെയിനുകൾ അതിഥി തൊഴിലാളികളുമായി കേരളത്തിൽ നിന്നും പുറപ്പെട്ടിട്ടുണ്ട്. വെസ്റ്റ്ബംഗാളിൽ ചുഴലിക്കാറ്റ് അടിച്ചതിനാൽ ട്രെയിനുകൾ പുന:ക്രമീകരിക്കേണ്ടി വരും. 6 ചെക്ക് പോസ്റ്റുകൾ വഴി വന്നവരുടെ പട്ടിക പരിശോധിച്ച് മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ട്.

## വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ, ഡോ. ബി. ഇക്ബാൽ

**എസ് എസ് എൽ സി പ്ലസ് ടു പരീക്ഷ ക്രമീകരണങ്ങൾ.**

നാലു വിഭാഗം കുട്ടികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധവേണ്ടതാണ്.

- കേരളത്തിനുള്ളിലെ കൺടെയിൻമെന്റ്/ ഹോട്ട് സ്പോട്ടുകളിൽ നിന്നുമുള്ളവർ
- മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്നവർ
- ഹോം ക്വാറന്റൈൻ വീടുകളിൽ നിന്നും വരുന്നവർ
- തെർമൽ പരിശോധനയിൽ പനിയുണ്ടെന്ന് കാണുന്നവർ

1. കേരളത്തിനുള്ളിലെ കൺടെയിൻമെന്റ് / ഹോട്ട് സ്പോട്ടുകളിൽ നിന്നും പരീക്ഷയെഴുതേണ്ട വിദ്യാർത്ഥികളെ അവിടെതന്നെയുള്ള സ്കൂളുകളിൽ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതാണ്. പുറമേ നിന്നും കൺടെയിൻമെന്റ് / ഹോട്ട് സ്പോട്ടുകളിലെ സ്കൂളുകളിൽ പരീക്ഷ എഴുതേണ്ടവർക്ക് മറ്റ് സ്കൂളുകളുകളിൽ സൗകര്യം ഏർപ്പെടുത്തേതാണ്.
2. കാസർഗോഡ്, ഇടുക്കി ജില്ലകളുടെ അതിർത്തിയിലുള്ള കർണാടക, തമിഴ് നാട് സംസ്ഥാനങ്ങളിൽ നിന്നും 600 ഓളം വിദ്യാർത്ഥികൾ കേരളത്തിലെ സ്കൂളുകളിൽ പരീക്ഷ എഴുതേണ്ടി വരുമെന്ന് അറിയാൻ കഴിഞ്ഞു. ഇങ്ങനെ ഇതര സംസ്ഥാനത്ത് നിന്നും കേരളത്തിലേക്ക് വരുന്നവർ ഇതര സംസ്ഥാനക്കാർക്കുള്ള എല്ലാ പ്രോട്ടോകോളുകൾക്കും വിധേയരാവേണ്ടതാണ്. ഇവരെ സംബന്ധിച്ച് ഏത് സ്കൂളുകളിലാണ് പരീക്ഷയെഴുതേണ്ടത് തുടങ്ങിയ എല്ലാ വിവരങ്ങളും ശേഖരിച്ചിരിക്കേണ്ടതാണ്.
3. ഇവരെ പറ്റുമെങ്കിൽ ഒരേ കേന്ദ്രത്തിൽ പരീക്ഷ എഴുതിപ്പിക്കാൻ ശ്രമിക്കണം.. സാധ്യമല്ലെങ്കിൽ ഇവർക്കായി സ്കൂളുകളിൽ പ്രത്യേക മുറിയിൽ ഒരുക്കേതാണ്
4. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികളെയും മാതാപിതാക്കളെയും വൈദ്യ പരിശോധനക്ക് വിധേയരാക്കേതാണ്. ഇവർ 14

ദിവസ ക്വാറന്റൈന് വിധേയരാവണം. വിദ്യാർത്ഥികൾ പരീക്ഷയെഴുതാൻ മാത്രം വീട്ടിന് പുറത്ത് വന്നാൽ മതി.

5. ഇവർക്ക് താമസിക്കാൻ പ്രത്യേക വീടില്ലെങ്കിൽ സർക്കാർ ക്വാറന്റൈൻ കേന്ദ്രങ്ങളിൽ താമസിക്കേണ്ടതാണ്. ബന്ധുവീടുകളിൽ മറ്റുള്ളവരോടൊപ്പം താമസിക്കാൻ അനുവദിക്കരുത്.
6. വിദ്യാർത്ഥികൾ മാതാപിതാക്കളുമായല്ല വരുന്നതെങ്കിൽ അവരെ പറ്റുമെങ്കിൽ സ്കൂൾ ഹോസ്റ്റലുകളിൽ താമസിപ്പിക്കേണ്ടതാണ്.
7. ഹോം ക്വാറന്റൈൻ കഴിയുന്നവരുടെ വീടുകളിൽ നിന്നും വരുന്ന കുട്ടികൾ പ്രത്യേക മുറിയിൽ പരീക്ഷ എഴുതേണ്ടതാണ്.
8. കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം തെർമൽ പരിശോധന നടത്തിയാൽ പനിയുള്ള കുട്ടികളെ വൈദ്യപരിശോധനക്ക് വിധേയരാക്കേണ്ടതാണ്. ഗുരുതരമായ രോഗമില്ലെങ്കിൽ തുടർന്നും പരീക്ഷ എഴുതാവുന്നതാണ്. ഇവരെയും പ്രത്യേക മുറിയിൽ പരീക്ഷ എഴുതിക്കണം
9. പരീക്ഷകരായ അധ്യാപകർ മാസ്കിനു പുറമേ സർജിക്കൽ ഗ്ലൗസും ഉപയോഗിക്കേണ്ടതാണ്
10. പരീക്ഷ പേപ്പറുകൾ 7 ദിവസം പരീക്ഷാ കേന്ദ്രങ്ങളിൽ തന്നെ സൂക്ഷിച്ച ശേഷം മാത്രം മറ്റ് കേന്ദ്രങ്ങളിലേക്ക് മാറ്റേണ്ടതാണ്
11. കേരളത്തിലെ എല്ലാ കോവിഡ് ചികിത്സ കേന്ദ്രങ്ങളുടെയും കോവിഡ് ചികിത്സയ്ക്ക് ശേഷം ഉള്ള ബയോമെഡിക്കൽ വേസ്റ്റുകൾ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഇമേജ് കേന്ദ്രത്തിലൂടെ നിർമ്മാർജ്ജനം ചെയ്തുവരുന്നു. ഇതുവരെ ഏതാണ്ട് 100 ടൺ കോവിഡ് ചികിത്സയ്ക്ക് ശേഷമുള്ള ആശുപത്രി മാലിന്യങ്ങൾ ആണ് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ നിർമാർജ്ജനം ചെയ്തത്. രാജ്യത്തെ മറ്റ് എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയാകുന്നു ഐ എം എ യുടെ ഈ പ്രവർത്തനം പ്രത്യേക പ്രശംസ അർഹിക്കുന്നു

## വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. കെ ഇളങ്കോവൻ ഐ എ എസ്

ഇതുവരെ 43 വിമാനങ്ങളും 3 കപ്പലുകളുമാണ് വന്നിട്ടുള്ളത്. ഇതിൽ 9367 ആൾക്കാറ് വന്നതിൽ 158 പേർ ആശുപത്രിയിൽ നിരീക്ഷണത്തിലാണ്. കൂടാതെ ഇതിൽ 1403 ഗർഭിണികളും എത്തിയിരുന്നു. ജൂൺ 3 മുതൽ ദിവസേന 10 മുതൽ 12 വിമാനങ്ങൾ വരെ എത്തുമെന്നാണ് അറിയിച്ചിട്ടുള്ളത്.

## സംസ്ഥാന പോലീസ് മേധാവി, ശ്രീ. ലോക്നാഥ് ബഹ്റ ഐ പി എസ്

മാർഗ്ഗ നിർദ്ദേശത്തിൽ പറയുന്നതു പോലെ പ്രായമായവർ വീടുകളിൽ തന്നെ കഴിയണം എന്നത് നടപ്പിലാക്കാൻ സാധിക്കുന്നില്ല. എന്നാൽ ഇതിനായി ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി എങ്കിലും ജനങ്ങളിലേക്കിത് എത്തുന്നില്ല. അതുപേലെ തന്നെ മറ്റു രോഗങ്ങൾ ഉള്ളവരിലും ഇത് നടപ്പിലാക്കാൻ സാധിക്കുന്നില്ല.

## പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണം
## ശ്രീമതി. ശാരദാ മുരളീധരൻ ഐ എ എസ്

76260 പേർക്കും കോവിഡ് ജാഗ്രതാ പോർട്ടൽ വഴി പാസ്സുകൾ നൽകിയിട്ടുണ്ട്. എന്നാൽ പാസ്സില്ലാതെ 3896 ഓളം ആളുകൾ പാസ്സ് കൂടാതെ എത്തിയിട്ടുണ്ട് എന്ന് വാർഡ് സമിതികലുടെ അന്വേഷണത്തിൽ ലഭ്യമായിട്ടുണ്ട്. 47012 മുറികളാണ്. ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻന്റെനായി ഉള്ളത്. നിലവിൽ 10274 പേർ ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിൽ ഉള്ളത്. 72887 പേർ വീടുകളിൽ നിരീക്ഷണത്തിലാണ്. 74% വാർഡുകളിലും ക്വാറന്റൈൻ സംവിധാനം ലഭ്യമാണ്. എല്ലാ വാർഡുകളിലും വാർഡ് സമിതികൾ സജീവമായി പ്രവർത്തിക്കുന്നുണ്ട് എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. 1034 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ 952 സ്ഥാപനങ്ങളിലും ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ സംവിധാനം ലഭ്യമാണ്. 252 ഇടങ്ങളിൽ ടെലിമെഡിസിൻ സൗകര്യം പ്രവർത്തിക്കുന്നുണ്ട്. ഫ്ളാറ്റുകളിൽ വീടു നിരീക്ഷണത്തിൽ ഇരിക്കുന്നതുമായി ബന്ധപ്പെട്ട ചില പരാതി ലഭിച്ചിട്ടുണ്ട്. ഇതിനായി ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട ഒരു മാർഗ്ഗനിർദ്ദേശം തയ്യാറാക്കുവാൻ ആരംഭിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ രോഗികളുള്ള വീടുകളിൽ നിരീക്ഷണത്തിലിരിക്കുന്നവരെ സർക്കാർ ക്വാറന്റൈൻ സെന്ററുകളിലേക്ക് മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാവും ഉചിതം. തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ടു വരുന്ന പ്രവർത്തനങ്ങൾക്കുള്ള ഡി പി സി അംഗീകാരം നീട്ടി നൽകാൻ തീരുമാനമായിട്ടുണ്ട്. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിൽ തോട് വൃത്തിയാക്കുന്നതും ചെളി നീക്കുന്ന പ്രവർത്തനങ്ങളും മന്ദഗതിയിലാണ്. തൊഴിലുറപ്പു പദ്ധതികളിൽ 3 ലക്ഷത്തോളം പ്രവർത്തകർ ഏർപ്പെട്ടിട്ടുണ്ട്.

## പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീ. ബിശ്വനാഥ് സിൻഹ ഐ എ എസ്

ഇന്ന് 2 മണിവരെ 91344 പേർ കേരളത്തിലെത്തി കോവിഡ് പോസിറ്റീവ് കേസുകളിൽ 54 കേസുകളും മഹാരാഷ്ട്ര, തമിഴ്നാട്, കർണ്ണാടക, തെലുങ്കാന, ഗുജറാത്ത് എന്നിവിടങ്ങളിലെ കണ്ടയിൻമെന്റ് സോണുകളിൽ നിന്നും വന്നവരാണ്. ഇതേ സ്ഥലങ്ങളിൽ നിന്നു തന്നെ കൂടുതൽ ആളുകൾ കേരളത്തിലേക്ക് എത്തിയിട്ടുണ്ട് എന്നാണ് അിറവായിട്ടുള്ളത്. കൂടാതെ ഇവിടങ്ങളിൽ നിന്നു കൂടുതൽ പേരുടെ അപേക്ഷകളും എത്തിയിട്ടുണ്ട്. ഇവർക്ക് പാസ്സുകൾ നൽകേണ്ട എന്ന തീരുമാനം എടുത്തിട്ടുണ്ട്. ഡൽഹി, പഞ്ചാബ്, ജയ്പൂർ എന്നിവിടങ്ങളിൽ നിന്നുള്ള ട്രെയിനുകൾ ഇന്നെത്തും. കേന്ദ്ര സർക്കാറിന്റെ പുതിയ നിയമപ്രകാരം ട്രെയിനുകൾ പുറപ്പെടുന്നതിനും മറ്റു സംസ്ഥാനങ്ങളുടെ അനുമതി ആവശ്യമില്ല. പുറപ്പെടുന്ന സ്ഥലങ്ങളിലെ മാത്രം അനുമതി ആവശ്യം ഉള്ളൂ. അതിനാൽ കൂടുതൽ ട്രെയിനുകൾ വിടുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ വേണ്ടി വരും. കൂടാതെ ഗുജറാത്ത്, മുംബൈ, എന്നിവിടങ്ങളിൽ നിന്നുള്ള തൊഴിലാളികൾ അവരെ നാട്ടിലേക്ക് എത്തിക്കാനുള്ള അപേക്ഷ കേന്ദ്ര സർക്കാറിന് അപേക്ഷ നൽകിയിട്ടുണ്ട്.

## ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ ശ്രീ. ഹേമചന്ദ്രൻ ഐ പി എസ്

സ്കൂളുകളിൽ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ടു അണുവിമുക്തമാക്കുന്ന പ്രവർത്തനങ്ങളിൽ സഹായം വേണമെന്ന് അപേക്ഷ ലഭിച്ചിരുന്നു. ഇത് പൂർണ്ണമായും നൽകുന്നതിനുള്ള അനുമതി എല്ലാ ജില്ലകളിലും നൽകിയിട്ടുണ്ട്. ഇതിനായി വിദ്യാഭ്യാസ വകുപ്പും, ഫയർ ആന്റ് റസ്ക്യൂ വകുപ്പും സംയുക്ത യോഗം വിളിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. കേസുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നമുക്ക് കൂടുതൽ തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ട്. ചില തീരുമാനങ്ങൾ എടുക്കുന്നത് നമുക്ക് വേറെ മാർഗ്ഗങ്ങൾ ഇല്ലാത്തതിനാലാണ്. ആളുകൾ തിരിച്ചു വരണമെന്ന് ആവശ്യപ്പെട്ടാൽ അവരെ സ്വീകരിക്കേണ്ടതുണ്ട്. അതിൽ രോഗികൾ ഉണ്ടാകാൻ സാധ്യത കൂടുതലുമാണ് എന്നാൽ നമുക്ക് വേറെ മാർഗ്ഗമില്ല. ഈ അവസ്ഥ മുന്നോട്ടുപോയാൽ കൂടുതൽ കേസ്സുകൾ ഉണ്ടായേക്കാം. എന്നാൽ പരിഭ്രമിച്ച് നിസ്സഹായ അവസ്ഥയിൽ എത്തി കൂടാ. കുളിമുറികൾ അറ്റാച്ച് ചെയ്ത് റൂമുകൾ ആവശ്യം ഉണ്ടാകണമെന്നില്ല. നമുക്ക് കൈയ്യിൽ ഒതുങ്ങാത്ത അവസ്ഥ ഉണ്ടാവാൻ പാടില്ല. അതിനാൽ അടിയന്തര പ്രാധാന്യം നൽകി നമുക്ക് തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ട്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, എല്ലാ ജില്ലാ കളക്ടർമാർ)**
2. എല്ലാ യോഗ തീരുമാനങ്ങളും നാം വൈകുന്നേരം പറയുന്നുണ്ട്. എന്നാൽ ചർച്ച എന്ന നിലയ്ക്ക് മറ്റ് വാർത്തകൾ വരുന്നത് ആശയക്കുഴപ്പമുണ്ടാക്കുന്നു. ഇത് ശ്രദ്ധിക്കണം. **(ചുമതല - പി ആർ ഡി)**
3. ട്രെയിനുകളെപ്പറ്റി കൂടുതൽ അന്വേഷണം വരുന്നുണ്ട്. അതിനെപ്പറ്റി വ്യക്തമായ വിവരം നൽകാൻ നമുക്കാവണം. **(ചുമതല - പൊതുഭരണ വകുപ്പ്, നോർക്ക)**
4. ലോക്ക്ഡൗൺ ഇളവുകൾ കൂടുതൽ ആയപ്പോൾ ആളുകൾ കൂടുതലായി സഞ്ചരിക്കുന്നുണ്ട്. ഇന്ന് ഒരു ദിനപത്രത്തിൽ റെയിൽ പാളത്തിൽ ആൾക്കാർ സഞ്ചരിക്കുന്നു എന്ന ചിത്രം വന്നിരുന്നു. ഇത്തരത്തിൽ ആൾക്കാർ സഞ്ചരിക്കുന്നത് അപകടം ഉണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ ഇത് തടയേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്, എല്ലാ ജില്ലാ കളക്ടർമാർ)**
5. സ്കൂൾ പരീക്ഷ നടത്തുന്നത് സംബന്ധിച്ച് മാധ്യമങ്ങൾ ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്. വിദ്യാഭ്യാസവകുപ്പ് കാര്യക്ഷമമായ രീതിയിൽ വാഹനം ഏർപ്പാടാക്കിയിട്ടുണ്ട്. കെഎസ്ആർടിസിയിൽ വാഹനസൗകര്യം ഏർപ്പാടാക്കുന്നു. എന്നാൽ മറ്റു സംസ്ഥാനത്തുനിന്നുള്ള വിദ്യാർത്ഥികൾ ഇവിടെയെത്തുമ്പോൾ അവർക്ക് പരീക്ഷ എഴുതാനായി നാം സൗകര്യമൊരുക്കിയിട്ടുണ്ട്. എന്നാൽ അവർക്ക് ക്വാറന്റയിൻ സംവിധാന കേന്ദ്രങ്ങൾ അത്യാവശ്യമാണ്. അതോടൊപ്പം പരീക്ഷ എഴുതാനായി പ്രത്യേക സംവിധാനവും വേണം. കണ്ടയിന്മെന്റ് സോണുകളിൽ പരീക്ഷാകേന്ദ്രങ്ങൾ നടത്തുമ്പോൾ പ്രത്യേക കേന്ദ്രങ്ങൾ ആവശ്യമാണ്. ഹോം ക്വാറന്റയിനിൽ ഇരിക്കുന്നവർക്ക് പരീക്ഷ എഴുതുവാനായി

പ്രത്യേക സൗകര്യം ഒരുക്കേണ്ടതുണ്ട്. ഈ സ്ഥലങ്ങളിൽ തെർമൽ പരിശോധനയും, വൈദ്യപരിശോധനയും ഒരുക്കുന്നതോടൊപ്പം അധ്യാപകർക്ക് ഗ്ലൗസും മറ്റും നൽകേണ്ടതുണ്ട്. ഉത്തരകടലാസ് 7 ദിവസം പരീക്ഷ നടത്തുന്ന സ്ഥാപനങ്ങളിൽ തന്നെ ഭദ്രമായി സൂക്ഷിക്കണം എന്നത് ചർച്ച ചെയ്ത് തീരുമാനിക്കാം. ആ സൗകര്യം അവിടങ്ങളിൽ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. പരീക്ഷ കഴിഞ്ഞ് തിരിച്ചെത്തുന്ന വിദ്യാർത്ഥികൾ കുളിച്ചു വൃത്തിയായശേഷം മാത്രമെ മറ്റുള്ളവരുമായി സമ്പർക്കം പുലർത്താൻ പാടുള്ളൂ എന്ന് നമുക്ക് പറയാവുന്നതാണ്. **(ചുമതല - വിദ്യാഭ്യാസ വകുപ്പ്)**

6. സുരക്ഷാ ഉപകരണങ്ങൾ റേഡിയോഗ്രാഫർമാർക്ക് ലഭിക്കുന്നില്ല എന്ന പരാതി പരിശോധിക്കണം. **(ചുമതല - കെ എം എസ് സി എൽ, ആരോഗ്യ വകുപ്പ്)**
7. ആറ്റിങ്ങലിൽ ഒരു പലഹാര കടയിൽ നിർമ്മിച്ച ദിവസം മാറ്റി രേഖപ്പെടുത്തി പഴകിയ ഭക്ഷണ സാധനങ്ങൾ വിൽക്കാൻ ശ്രമിച്ചത് പരിശോധിക്കേണ്ടതാണ് **(ചുമതല - ഭക്ഷ്യ സുരക്ഷ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്)**
8. പമ്പയിലെയും മറ്റു നദികളിലെയും മണൽ മാറ്റിയിട്ടില്ല. കണ്ണൂർ ഇരിട്ടിയിൽ മണൽ മാറ്റാൻ ടെണ്ടർ നൽകിയതിൽ അപാകതയുണ്ട് എന്ന് പരാതി കാരണമാണ് പണി നിർത്തി വച്ചിരിക്കുന്നത് എന്ന് കളക്ടർ അറിയിച്ചിരിക്കുന്നു. എന്നാൽ അന്വേഷണം നടക്കുന്നതോടൊപ്പം പണി തുടരട്ടെ എന്ന നിർദ്ദേശം നൽകിയതായി ചീഫ് സെക്രട്ടറി അറിയിച്ചു. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, ജില്ലാ കളക്ടർ പത്തനംതിട്ട, കണ്ണൂർ)**
9. ബസ്, കാർ എന്നിവയിൽ കൂടുതൽ ആളുകൾ യാത്ര ചെയ്യുന്നതായി പരാതി ഉണ്ട്. ഇത് കൃത്യമായി പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
10. മാസ്ക്കുകൾ എല്ലാ സ്ഥലത്തും നിർബന്ധമാക്കുകയും വേണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
11. പെരുന്നാൾ പ്രഖ്യാപിച്ചു കഴിഞ്ഞാൽ നിരത്തുകളിലും കടകളിലും തിരക്ക് ഉണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ 7 മണിക്ക് കടയടയ്ക്കണമെന്ന തീരുമാനം നമുക്ക് മാറ്റി നൽകാവുന്നതാണ്. നാളെയാണ് പെരുന്നാൾ എങ്കിൽ ഇന്ന് ഇളവ് നൽകാം. മറ്റന്നാൾ ആണെങ്കിൽ നാളെ ഇളവ് നൽകുന്നത് പരിഗണിക്കണം. **(ചുമതല - പൊതുഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**
12. മലപ്പുറം കവളപ്പാറയിൽ മരം നീക്കം ചെയ്യാൻ ഫണ്ട് അനുവദിച്ചെങ്കിലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഇത് പരിശോധിക്കണം **(ചുമതല - വനം, തദ്ദേശസ്വയംഭരണ വകുപ്പ്)**
13. വിദേശത്ത് ജോലി സംബന്ധമായി പോകേണ്ടവർ എത്രപേരുണ്ട് എന്ന് മനസ്സിലാക്കാൻ ഔദ്യോഗിക പോർട്ടൽ ആരംഭിക്കാവുന്നതാണ്. വിവിധ രാജ്യങ്ങളുടെ നടപടിക്രമം മുൻകൂർ ആരോഗ്യ പരിശോധന സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം എന്നിവ പരിശോധിച്ച് ഇവിടേയ്ക്ക് വരുന്ന വിമാനങ്ങളുമായി ബന്ധിപ്പിച്ച് ഇത് നടത്താൻ പറ്റുമോ എന്ന് നോക്കേണ്ടതാണ്. **(ചുമതല - നോർക്ക)**
14. എംഎസ്എംഇ സംരംഭങ്ങളിൽ അധിക പ്രവർത്തന മൂലധനം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. 20 ശതമാനം കൂടി വായ്പ നൽകുന്നുണ്ട്. എന്നാൽ കേരളത്തിലെ ബാങ്കുകൾക്ക് ഇതിൽ താല്പര്യം ഉണ്ടാക്കാൻ

നമുക്ക് ഇടപെടേണ്ടതുണ്ട്. എത്ര സ്ഥാപനങ്ങൾ ഇത്തരത്തിലുണ്ട് എന്ന വിവരങ്ങൾ ശേഖരിക്കണം. ഇതിനായി ഒരു പോർട്ടൽ തുടങ്ങേണ്ടതാണ്. വ്യവസായവകുപ്പ്, ആസൂത്രണ ബോർഡ് എന്നിവർ ഒരുമിച്ച് ഇതിനായി ശ്രമിക്കേണ്ടതാണ്. **(ചുമതല - വ്യവസായ വകുപ്പ്, ആസൂത്രണ ബോർഡ്)**

15. അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളിൽ വലിയ ബിൽ ഒന്നിച്ച് അടക്കേണ്ടതുണ്ട് എന്ന് കെ എസ് ഇ ബി പറഞ്ഞതായി പരാതിയുണ്ട്. ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്. ഫിക്സഡ് ചാർജ്ജ് അടക്കാൻ 2020 ഡിസംബർ വരെ സമയം നൽകണം. അടയ്ക്കേണ്ട തുകയിൽ 20 മുതൽ 25 ശതമാനം വരെ ഇളവ് നൽകേണ്ടതുമാണ്. 12 ശതമാനം പലിശ ഇപ്പോൾ ഈടാക്കുന്നത് ഇളവ് നൽകേണ്ടതാണ്. **(ചുമതല - കെ എസ് ഇ ബി)**
16. അറ്റകുറ്റപ്പണികൾക്കായി വരുന്ന സാങ്കേതിക പ്രവർത്തകർ ക്വാറന്റയിനിൽ നിൽക്കേണ്ടതില്ല. നേരത്തെ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് അവർക്ക് ജോലി ചെയ്യാവുന്നതാണ് **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
17. ആയുർവേദ ചികിത്സ രണ്ടുതരത്തിലുണ്ട്. അതിൽ സുഖചികിത്സ ഇപ്പോൾ അനുവദിക്കേണ്ടതില്ല. രോഗങ്ങൾക്കുള്ള ചികിത്സ മാത്രം ഇപ്പോൾ മതിയാവും. **(ചുമതല - ആയുഷ് വകുപ്പ്)**
18. വിമാനത്തിൽ ബിസ്സിനസ് ആവശ്യങ്ങൾക്കായി വരുന്നവർക്ക് രണ്ടു ദിവസം കൊണ്ട് ജോലി നിർവഹിച്ച് നടപടിക്രമങ്ങൾ പാലിച്ച് തിരിച്ചു പോകാം. **(ചുമതല - പൊതുഭരണ വകുപ്പ്)**
19. ജ്യൂസ് കടകൾ നടത്തുന്നവർ ഗ്ലാസ്സുകളും മറ്റും ആവശ്യമായ അണുനശീകരണം നടത്തി മറ്റുള്ളവർക്ക് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
20. സ്കൂൾ പരീക്ഷകൾ നടക്കുന്നതായി ബന്ധപ്പെട്ട ആശയക്കുഴപ്പം ഉണ്ടാകേണ്ട കാര്യമില്ല. അത് തീരുമാനിച്ചതുപോലെ മുന്നോട്ടു പോകാവുന്നതാണ്. **(ചുമതല - പൊതുവിദ്യാഭ്യാസ വകുപ്പ്)**
21. ഫ്ളാറ്റുകളിൽ ക്വാറന്റയിൻ ആകാവുന്നതാണ്. എന്നാൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. **(ചുമതല - തദ്ദേശസ്വ യംഭരണ വകുപ്പ്)**
22. ക്വാറന്റൈയിനിൽ ഉള്ള ഒരാൾ പാലിയേറ്റീവ് കെയർ രോഗിയുള്ള വീട്ടിൽ എത്തുകയാണെങ്കിൽ അയാളെ അവിടെ ക്വാറന്റൈയിൻ തുടരാൻ അനുവദിക്കുന്നതല്ല. അയാൾ ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റയിനിൽ പോകേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
23. എം എൻ ആർ ഇ ജി എസ് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. ഈ പ്രതിസന്ധി കാലത്തും കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നുണ്ട്. തുടർന്നും ഇത്തരം തൊഴിൽ അവസരങ്ങൾ ഉണ്ടാക്കേണ്ടതും, പ്രവർത്തന ങ്ങൾ മുന്നോട്ട് കൊണ്ടുപോകേണ്ടതുമാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
24. മറ്റ് സംസ്ഥാനങ്ങളിലേക്ക് തിരിച്ചു പോകാനായി താല്പര്യമുള്ള അതിഥി തൊഴിലാളികളുടെ കണക്കെടുത്ത് ആവശ്യമായ ട്രെയിൻ തയ്യാറാക്കേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ, റവന്യൂ, ആഭ്യന്തര വകുപ്പ്, ജില്ലാ കളക്ടർമാർ)**

25. പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂളുകൾ അണുവിമുക്തമാക്കാൻ ഫയർഫോഴ്സ് സഹായിക്കേണ്ടതാണ്. **(ചുമതല - ഫയർ ആന്റ് റസ്ക്യൂ വകുപ്പ്)**
26. പയർ വർഗ്ഗങ്ങളുടെ വിലക്കയറ്റമുണ്ടാകുമെന്ന് വിദഗ്ധർ പറയുന്നുണ്ട്. ആയതിനാൽ ഇത് പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്. **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**
27. 1000 രൂപ പെൻഷൻ നൽകുന്നത് പൂർത്തിയായോ എന്ന് പരിശോധിക്കേണ്ടതാണ്. **(ചുമതല - ധനകാര്യ വകുപ്പ്)**
28. പലസ്ഥലങ്ങളിലും സമരങ്ങൾ നടക്കുന്നുണ്ട്. പ്രോട്ടോകോൾ പ്രകാരമാണോ എന്ന് നോക്കേണ്ടതാണ്. അത് പാലിച്ചാണ് നടക്കുന്നതെങ്കിൽ കേസ് എടുക്കുകയോ, മറ്റു ഇടപെടൽ നടത്തുകയോ ചെയ്യേണ്ടതില്ല. **(ചുമതല - ആഭ്യന്തര വകുപ്പ്)**

അടുത്ത യോഗം ചൊവ്വാഴ്ച നടത്താവുന്നതാണ്.

യോഗം 4.30 ന് അവസാനിച്ചു

2/3/5

പിണറായി വിജയൻ
മുഖ്യമന്ത്രി

**അനുബന്ധം 1**

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ചീഫ് സെക്രട്ടറി
3. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
4. സ്റ്റേറ്റ് പോലീസ് ചീഫ്
5. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
7. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
8. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
11. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
12. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
14. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം വകുപ്പ്
15. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
16. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
17. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
18. സെക്രട്ടറി, ധനകാര്യം
19. സെക്രട്ടറി, ഊർജ്ജ വകുപ്പ്
20. സെക്രട്ടറി, ടൂറിസം വകുപ്പ്
21. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
22. സെക്രട്ടറി, വ്യവസായ വകുപ്പ്
23. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ